സമരത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലിക സർവ്വീസിൽ ഉണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്കേ അനുകൂല നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. സ്റ്റേ വെക്കേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(4) കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ കുറച്ചതുമൂലം എഫ്.എ.സി.ടി. നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. മുഹമ്മദാലി : സർ, പുതിയ കേന്ദ്ര ബഡ്ജറ്റിൽ കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ കുറച്ചതുമൂലം സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാസ്ഥാപനമായ 'ഫാക്ട്' നേരിടുന്ന ഗുരുതരമായ സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ കാര്യമായ സമ്മർദ്ദം ചെലുത്തിയെങ്കിൽ മാത്രമേ ഈ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചുകൊണ്ട് ഫാക്ടിനെ രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. അതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പുതിയ കേന്ദ്ര ബഡ്ജറ്റിലൂടെ കാപ്രോലക്ടത്തിന്റെ ഇറക്കുമതി തീരുവ ഗണ്യമായി കുറച്ചത് ഫാക്ടിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കും. ഇറക്കുമതി തീരുവ കുറച്ചതുമൂലം രാജ്യാന്തര വിലയുമായി മത്സരിക്കുന്നതിന് ഫാക്ടിന്റെ ഉല്പന്നമായ കാപ്രോലാക്ടത്തിന്റെ വില ഗണ്യമായി കുറയ്ക്കേണ്ടിവരും. ഇതുമൂലം വൻപിച്ച സാമ്പത്തിക നഷ്ടം ഫാക്ടിന് നേരിടേണ്ടിവരും. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ വെട്ടിക്കുറച്ചു. ഇതുമൂലം ഫാക്ടിനുണ്ടാകുന്ന സാമ്പത്തികനഷ്ടം അന്നുതന്നെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. നിലവാരം കുറഞ്ഞ കാപ്രോലാക്ടത്തിന്റെ വർദ്ധിച്ച രീതിയിലുള്ള ഒഴുക്ക് തടയാൻ കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ 40 ശതമാനമായി ഉയർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകമായി കേന്ദ്രത്തെ അറിയിച്ചിരുന്നു. കൂടാതെ ഫാക്ടിനെ രക്ഷപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ചും സംസ്ഥാന സർക്കാർ കേന്ദ്ര കെമിക്കൽ ആന്റ് ഫെർട്ടിലൈസർ മന്ത്രാലയത്തെ അറിയിക്കുകയുണ്ടായി. കേന്ദ്ര മന്ത്രാലയങ്ങൾ തമ്മിൽ കൂടിയാലോചനയിലാണെന്നും പെട്ടെന്ന് തീരുമാനം ഉണ്ടാകുമെന്നും കേന്ദ്ര കെമിക്കൽ ആന്റ് ഫെർട്ടിലൈസർ വകുപ്പ് സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ചെയ്തു. ഈ അവസരത്തിലാണ് പുതിയ കേന്ദ്ര ബഡ്ജറ്റിലൂടെ കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ വീണ്ടും കുറച്ചത്. ഈ തീരുമാനം മാറ്റാനാവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുന്നതാണ്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി കേന്ദ്രം എടുത്തുവരുന്ന ഇത്തരം തീരുമാനങ്ങൾക്കെതിരെ ജനങ്ങളെയാകെ അണിനിരത്തിയെങ്കിൽ മാത്രമേ ഈ നയങ്ങൾ തിരുത്താൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly